# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 925 30.6.2011- ൽ മറുപടിക്ക്**

**കോഴിക്കോട് ബൈപാസ്സ്, കൊച്ചി സീപോർട്ട് എയർപോർട്ട് റോഡ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി). |
| (എ) കോഴിക്കോട് ബൈപാസ്സ്, കൊച്ചി സീപോർട്ട് എയർപോർട്ട് റോഡ് എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദാംശം നൽകുമോ ; | (എ) ദേശീയ പാത - 17 - ലെ മലാപ്പറമ്പ് മുതൽ പൂളാടികുന്ന് വരെയുള്ള കോഴിക്കോട് ബൈപാസ്സ് 6.86 കി.മീ. ദൂരം വരുന്ന രണ്ടാംഘട്ട പ്രവൃത്തി പുരോഗതിയിലാണ്. 75 % പണി പൂർത്തീകരിച്ചു. ഇത് 28 കി.മീ. ദൈർഘ്യമുള്ള ബൈപാസ്സ് നിർമ്മാണത്തിന്റെ അവസാന ഭാഗമാണ്. ഈ പദ്ധതിയുടെ രാമനാട്ടുകര മുതൽ മലാപ്പറമ്പ് വരെയുള്ള (16.42 കി.മീ) I, III, IV എന്നീ ഘട്ടങ്ങൾ നേരത്തെ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഇനിയുള്ള 5.10 കി. മീ. ദൈർഘ്യമുള്ള പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനം ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിർമ്മാണം നടത്താനുള്ള കേന്ദ്രത്തിന്റെ അനുമതി ഇതു വരെയും ലഭിച്ചിട്ടില്ല. കൊച്ചി സീപോർട്ട് എയർപോർട്ട് |

റോഡിന്റെ ഒന്നാം ഘട്ടമായ ഇരുമ്പനം മുതൽ കളമശ്ശേരി വരെയുള്ള 13 കി. മീ. ദൂരം 2002 – ൽ പണി പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. രണ്ടാം ഘട്ടമായി കളമശ്ശേരി മുതൽ കരിയാട് വരെയും ഇരുമ്പനം മുതൽ N.H. 49 ബൈപാസ്സ് വരെയും അലൈൻമെന്റ് തയ്യാറാക്കി കല്ലിട്ട് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ 2003 – ൽ ആരംഭിച്ചെങ്കിലും പണം ലഭ്യമല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കാനായില്ല. രണ്ടാം ഘട്ടത്തിൽ പെട്ട പെരിയാറിന്റെ കുറുകെയുള്ള രണ്ട് പാലങ്ങളുടെ നിർമ്മാണത്തിന് വേണ്ടിയുള്ള പദ്ധതി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. കളമശ്ശേരി മുതൽ കരിയാട് വരെയുള്ള റോഡിന്റെ പണിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ സജീവ പരിഗണനയിൽ ആണ്.

| | |
|---|---|
| (ബി) ഇവയുടെ കാര്യത്തിൽ ഒരു സമയപരിധി നിശ്ചയിച്ച് പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) കോഴിക്കോട് ബൈപാസ്സിലെ അവശേഷിക്കുന്ന പണി എഗ്രിമെന്റ് കാലാവധിയായ 30.11.2011 – ന് മുമ്പ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എയർപോർട്ട് സീപോർട്ട് റോഡിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ